# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2012 ജൂൺ 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

15(*151) ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) നൽകിയ മറുപടിയിൽ, പി.എസ്.സി.-യിൽ 01-01-2012-ന് ആരംഭിച്ച ഒറ്റത്തവണ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ നിയമന നടപടികൾ ത്വരിതപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഇതുപ്രകാരം ഉദ്യോഗാർത്ഥികൾ ഒരു തവണ മാത്രം രജിസ്റ്റർ ചെയ്താൽ മതിയാകുമെന്നും സഭയെ അറിയിച്ചു. തുടർന്ന് നേടുന്ന യോഗ്യതകളും മാറ്റങ്ങളും ഉദ്യോഗാർത്ഥികൾക്ക് സ്വയം രേഖപ്പെടുത്താവുന്നതും വിജ്ഞാപനങ്ങൾക്ക് അർഹത അനുസരിച്ച് പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതുമാണ്. നിയമന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ വെബ്സൈറ്റിലൂടെ അറിയാനുള്ള സംവിധാനവും ഏർപ്പെടുത്തുന്നതാണ്. നിലവിൽ എല്ലാ വിജ്ഞാപനങ്ങൾക്കും ഓൺലൈൻ മുഖാന്തിരമാണ് അപേക്ഷ സ്വീകരിക്കുന്നത്. പി.എസ്.സി.യുടെ

വെബ്സൈറ്റ്, ബുളളറ്റിൻ, പത്രമാദ്ധ്യമങ്ങൾ എന്നിവ മുഖേന ഉദ്യോഗാർത്ഥി കൾക്ക് പുതിയ സംവിധാനത്തെക്കുറിച്ച് അവബോധം നൽകാനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമില്ലാത്ത ആദിവാസി മേഖലയിലെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുളള സംവിധാനത്തെക്കുറിച്ച് പി.എസ്.സി-യുമായി ചർച്ച നടത്തുന്നതാണ്. എസ്.സി./എസ്.ടി. അവലോകന യോഗത്തിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിന്മേൽ പി.എസ്.സി. യഥാസമയം അപേക്ഷ ക്ഷണിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടെന്നും ഇതുസംബന്ധിച്ച് പി.എസ്.സി.യുമായി ചർച്ച നടത്തിയശേഷം വീണ്ടും യോഗം ചേരുന്നതാണെന്നും വേക്കൻസികൾ ആറ് മാസത്തിനകം റിപ്പോർട്ട് ചെയ്യുകയും ഒരു വർഷത്തിനകം പി.എസ്.സി. അതിന്മേൽ ആക്ഷനെടുക്കണമെന്നുമുളള കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യാവുന്നതാ ണെന്നും മുഖ്യമന്ത്രി അറിയിച്ചു. നിലവിലുളള റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്രയും പെട്ടെന്ന് ഒഴിവുകൾ നികത്തണമെന്നും റാങ്ക് ലിസ്റ്റില്ലെങ്കിൽ യഥാ സമയം ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്ത് അവ നികത്തുന്ന തിനുളള നടപടി സ്വീകരിക്കണമെന്നും എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കു ന്നതിനാവശ്യമായ സഹായം സർക്കാർ ചെയ്തുകൊടുക്കുന്നതാണെന്നും പി.എസ്.സി-യിലെ ഒഴിവുളള തസ്തികകളിൽ നിയമനം നടത്തുന്നതിന് അവർക്ക് അധികാരമുണ്ടെന്നും ജോലിഭാരം കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്ന പി.എസ്.സി-യുടെ ആവശ്യം സർക്കാരിന്റെ പരിഗണനയിലാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരമേറ്റശേഷം 30832 പേർക്ക് നിയമനം നൽകുകയും 48993 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്.

വികലാംഗർക്ക് 3% സംവരണമാണ് അനുവദിച്ചിട്ടുള്ളതെന്നും 2004 മുതൽ 2008 വരെയുള്ള 1188 വികലാംഗരുടെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പെൻഷൻ പ്രായം വർദ്ധിപ്പിച്ചതുകൊണ്ട് ഉദ്യോഗാർത്ഥി കൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായി സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷം ദീർഘിപ്പി ക്കുകയും ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

16 (*152) <u>വിദേശ കപ്പലുകൾക്ക് യാത്രാനുമതി</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, 1976 -ലെ കേന്ദ്ര നിയമത്തിന്റെ 4(1) വകുപ്പ് പ്രകാരം നിലവിലുള്ള നിയമങ്ങളിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ വാർഷിപ്പുകളും സബ്മറൈനുകളും മറ്റ് അണ്ടർ വാട്ടർ വെഹി ക്കിൾസും ഒഴികെയുള്ള എല്ലാ വിദേശ കപ്പലുകൾക്കും ദോഷകരമല്ലാത്ത രീതിയിൽ ടെറിട്ടോറിയൽ വാട്ടേഴ്സ് പരിധിക്കുള്ളിൽ സഞ്ചരിക്കുന്നതിന് അധികാരമുണ്ടെന്ന് സഭയെ അറിയിച്ചു. 15.02.2012-ൽ ഇറ്റാലിയൻ കപ്പലായ എൻറിക്കലെക്സിയിൽ നിന്നുള്ള വെടിയേറ്റ് സെന്റ് ആന്റണി എന്ന ഫിഷിംഗ് ബോട്ടിലെ രണ്ട് മത്സ്യത്തൊഴിലാളികളും 01.03.2012-ൽ പ്രഭുദയ എന്ന കപ്പലിടിച്ച് ഡോൺ എന്ന മത്സ്യബന്ധന ബോട്ടിലെ 5 മത്സ്യത്തൊഴി ലാളികളും മരണപ്പെട്ടതിനെത്തുടർന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആഭ്യന്തരം, ഇന്ത്യൻ നേവി, കോസ്റ്റ്ഗാർഡ്, ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, പോർട്ട്, നിയമം, റവന്യൂ, ഫിഷറീസ് എന്നീ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുമായി 05.03.2012-ൽ കടൽ സുരക്ഷയുമായി ബന്ധപ്പെട്ട

വിഷയങ്ങൾ ചർച്ച ചെയ്യുകയും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗ്ഗരേഖ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് നാവികർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ തീരത്ത് 50 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ബോട്ടുകൾ അവരുടെ വലകൾ സംരക്ഷിക്കാനായി അതുവഴി കടന്നുപോകുന്ന കപ്പലുകൾക്കടുത്തേയ്ക്ക് വരാൻ സാദ്ധ്യതയുള്ളതിനാൽ അവരെ കടൽക്കൊള്ളക്കാരായി തെറ്റിദ്ധരിക്കരുതെന്നും സംശയാസ്പദമായ സാഹചര്യങ്ങളിൽ കാണുന്ന ജലവാഹനങ്ങളെപ്പറ്റിയുള്ള വിവരം ഇന്ത്യൻ നേവിയേയും കോസ്റ്റ്ഗാർഡിനേയും അറിയിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കടലിൽ മൊബൈൽ നെറ്റ്‌വർക്ക് പരിധി ഉയർത്തൽ, കേന്ദ്ര സഹായത്തോടെ കേരള കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ജി.പി.എസ്., എക്കോ സൗണ്ടർ, ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (എ.ഐ.എസ്.), വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ മത്സ്യബന്ധന യാനങ്ങൾക്ക് വിതരണം ചെയ്യൽ, രാത്രികാല മത്സ്യബന്ധനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവത്ക്കരണം എന്നിവ നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്. തീരസുരക്ഷാ പദ്ധതിക്കായി 2 കോടി രൂപ ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും 368 കോടി രൂപയുടെ ഒരു പ്രോജക്ട് കേന്ദ്രസർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവയ്പിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതവും പ്രഭുദയ കപ്പലിടിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 3 ലക്ഷം രൂപ വീതവും നൽകിയിട്ടുണ്ടെന്നും അന്യസംസ്ഥാന ബോട്ടുകളും വള്ളങ്ങളും മത്സ്യ

ബന്ധനം നടത്തുന്നതിനെതിരെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻസ് ആക്ട് പ്രകാരം നടപടി സ്വീകരിക്കാൻ വ്യവസ്ഥയുണ്ടെന്നും ബോട്ടുകളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്താനായി ഡിസംബർ മാസത്തോടുകൂടി ജോയിന്റ് വെരിഫിക്കേഷൻ നടത്താനാണ് ആലോചിക്കുന്നതെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ്, നേവി, കോസ്റ്റ് ഗാർഡ് തുടങ്ങിയവ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി കടലിൽ മത്സ്യബന്ധനം നട ത്തുന്നവരുടെ സുരക്ഷ ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിച്ചിട്ടു ണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

17 (*153) <u>സാഫല്യം പദ്ധതി</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, കേരളത്തിലെ ദുർബലവിഭാഗങ്ങ ളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-രഹിത പാർപ്പിടരഹിതരായ വർക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ളാറ്റുകളും വീടുകളും നിർമ്മിച്ചുനൽകാനാണ് സാഫല്യം ഭവന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഓരോ ഫ്ളാറ്റിനും 2.5 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 195 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഫ്ളാറ്റുകളുടെ സമുച്ചയം പണിയുന്നതിനുള്ള ഈ പദ്ധതിയിൽ ഓരോ ലക്ഷം രൂപ വീതം സർക്കാർ വക സബ്സിഡിയായും ഹഡ്കോയുടെ വായ്പയായും 25,000 രൂപ വീതം ഗുണഭോക്തൃ/സന്നദ്ധസംഘടനാ വിഹിതമായും സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ സർക്കാർ ലഭ്യമാക്കിയിരുന്ന ഭൂമിയിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തും

ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള സ്ഥലത്തുമാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ 10 ഗ്രാമപഞ്ചായത്തുകളിലായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രദേശങ്ങളിലെ ഒഴിവുള്ള ഭൂമിയിൽ 1008 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭൂവികസന ചെലവുകളും റോഡ്, ഊർജ്ജ വിതരണം, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും പദ്ധതി നടപ്പിലാക്കുന്ന അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂമി വിട്ടുതരാൻ തയ്യാറുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ സ്ഥലങ്ങളിൽ നടപ്പിലാക്കാനും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളേയും ഗുണഭോക്താക്കളേയും പഞ്ചായത്തിനേയും സഹകരിപ്പിച്ചു കൊണ്ട് പബ്ലിക്-പ്രൈവറ്റ്-പഞ്ചായത്ത്-പാർട്ണർഷിപ്പ് (PPPP) മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ലക്ഷം വീടുകളുടെ നവീകരണത്തിനായി 52 കോടി രൂപ സർക്കാർ സബ്സിഡിയായി അനുവദിച്ചിട്ടുണ്ടെന്നും ഇരട്ടവീടുകൾ ഒറ്റവീടുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 154 മുതൽ 180 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1541 മുതൽ 1869 വരെയുള്ള ചോദ്യങ്ങളിൽ 163 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.